# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 629 — 05.06.2018 -ന് മറുപടിക്ക്

## തൊഴിൽദാന സാധ്യത കൂടിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**
**" പി.വി. അൻവർ**
**" ആർ. രാജേഷ്**
**" കെ.ഡി. പ്രസേനൻ**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതി ആഘാതം കുറഞ്ഞതും ചെറിയ മുതൽമുടക്കുള്ളതും എന്നാൽ തൊഴിൽദാന സാദ്ധ്യത കൂടിയതുമായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ളതും 5 HP വരെ വൈദ്യുതി ആവശ്യമുള്ളതും വീടിനുള്ളിലോ വീടിനോട് ചേർന്നോ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തി തുടങ്ങാൻ കഴിയുന്ന തരത്തിലുള്ള ഉൽപ്പാദക സംരംഭങ്ങളും ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളും ഉൾപ്പെടുന്ന നാനോ സംരംഭങ്ങൾക്ക് നാനോ/ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം വരെ ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു. |
| (ബി) | നവ സംരംഭകർക്കു വേണ്ട സാങ്കേതിക സാമ്പത്തിക സഹായത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | നവസംരംഭകർക്കുള്ള സാങ്കേതിക സാമ്പത്തിക സഹായത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി<br>2) ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ്<br>3) സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി<br>4) എംഎസ്എംഇ കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി<br>5) സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>6) വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം<br>7) പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.) |

| | | | |
|---|---|---|---|
| | | | 8) സംരംഭകത്വ സഹായ പദ്ധതി<br>9) പശ്ചാത്തല വികസന പദ്ധതികൾ<br>10) ഇ.ഡി.ക്ലബ്ബ്<br>11) ഇൻകുബേഷൻ സെന്ററുകൾ<br>12) ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം<br>13) സ്കീം ഫോർ റീ ഇംബേഴ്സ്മെൻറ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെൻറ് ഇൻ എം.എസ്.എം.ഇ<br>14) കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായം<br>15) പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ.<br>16) മുളയനുബന്ധവ്യവസായത്തിന്റെ പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ<br>17) പരമ്പരാഗത മേഖലയിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി<br>18) കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br>19) കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല വിദഗ്ധർക്ക് അവാർഡ്, കരകൗശല വിദഗ്ധർക്ക് വാർദ്ധക്യകാല പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിനു കീഴിലുള്ള തൊഴിലാളികൾക്ക് സമാശ്വാസ പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം വില്പന നികുതിയിനത്തിൽ ഒടുക്കിയ തുക മടക്കി നൽകുന്ന പദ്ധതി.<br>കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക് നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലനപരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കും. |

| | | | |
|---|---|---|---|
| (സി) | ഗാർഹിക സംരംഭങ്ങളായ നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | ഗാർഹിക സംരംഭങ്ങളായ നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) നാനോ/ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്വെൻഷൻ പദ്ധതി<br>5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും, വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്നതോ ആയതും കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങുന്നതിന് സാധ്യതയുള്ള നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം വരെ ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.<br>2) സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം.<br>ഹൗസ് ഹോൾഡ് നാനോ യൂണിറ്റുകൾ, പി.എം.ഇ.ജി.പി യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭകർക്ക് പൊതുസൗകര്യകേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായ് ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപ വകയിരുത്തപ്പെട്ടിട്ടുണ്ട്. 300 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ വനിതകളുടെ യൂണിറ്റുകൾക്കായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**